# കേരള വാട്ടർ അതോറിറ്റി

പ്രോജക്ട് ഡിവിഷൻ
എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം
ജലഭവൻ
കൊല്ലം – 691001
ഫോൺ : 0474-2748894
*kwaprojectkollam@gmail.com*

**നമ്പർ KWA / PDK /DB2 /40/ 2021** **തീയതി: 08.04.2022**

**പ്രേഷിത**

**അസിസ്റ്റന്റ് എൻജിനീയർ 1**

**സ്വീകർത്താവ്**

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ 1**

**സർ ,**

**സൂചന : കത്ത് നം. KWA / PDK /DB2 /40/ 2021 dt: 24.03.2022**

**വിഷയം : ജല ജീവൻ മിഷൻ പ്രവൃത്തി - വിളക്കുടി പഞ്ചായത്തിൽ കുടിവെള്ള കണക്ഷൻ,വിതരണ ശ്യംഖല ,താന്നിത്തടത്തിലേക്ക് 200mm DI പ്രസരണ ശ്യംഖല (1165mm) സ്ഥാപിക്കലും , 60000 L ശേഷിയുള്ള സംഭരണ ടാങ്കിൻറെ നിർമ്മാണവും- അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് :**

**സൂചന പ്രകാരം പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മ പരിഹരിക്കണമെന്ന് കരാറുകാരനെ അറിയിച്ചിരുന്നതാണ്. എന്നാൽ നാളിതുവരെയും പരിഹാരങ്ങൾ ഒന്നും തന്നെ കരാറുകാരൻറെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ടി പ്രവൃത്തി ആരംഭിച്ചിട്ടു 14 മാസങ്ങൾ കഴിഞ്ഞിട്ടും 1083 FHTC മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 14/02/2022 മുതൽ നാളിതുവരെ സ്ഥാപിച്ചിട്ടുള്ള വിതരണ ശ്യംഖലയിൽ 590m, 200mmDI ലൈനുകളാണ് പ്രഷർ ടെസ്റ്റ് പൂർത്തീകരിച്ചിട്ടുള്ളത് . സ്ഥാപിച്ചിരിക്കുന്ന ലൈനുകളിൽ ജല ലഭ്യത ഇല്ലാത്തതിനാൽ പ്രഷർ ടെസ്റ്റ് പൂർത്തീകരിക്കാതെ ബില്ല് സമർപ്പിക്കാൻ കഴിയുന്നില്ല .ടി വർക്കിന്റെ ഭാഗമായി സ്ഥാപിച്ചിരിക്കുന്ന ഒട്ടുമിക്ക കുടിവെള്ള കണക്ഷനുകളിലും മീറ്റർ ബോക്സ് സ്ഥാപിച്ചിട്ടില്ലാത്തതാണ്. ഗാർഹിക കണക്ഷനുകൾ നിർദ്ദേശിച്ചിരിക്കുന്ന താഴ്ചയിൽ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ വേനൽ മഴ കഴിഞ്ഞപ്പോൾ തന്നെ പൈപ്പുകൾ പുറത്തുകാണാൻ കഴിയുന്ന അവസ്ഥയിലാണ്.**

**വർക്കിന്റെ ഭാഗമായി കരാറുകാരൻ നൽകിയിരിക്കുന്ന പൈപ്പിൽ ഭൂരിഭാഗവും യാതൊരുവിധ മാനദണ്ഡങ്ങളുമില്ലാതെ വിളക്കുടി പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളിലായി ചിതറി കിടക്കുകയാണ് . ജല ജീവൻ മിഷൻ പ്രവർത്തികൾ**

നടക്കുന്ന സ്ഥലങ്ങളിൽ സൂചനാ ബോർഡുകളോ സംരക്ഷണ വേലികളോ സ്ഥാപിക്കുന്നതിനും,പൈപ്പുകളിൽ വിള്ളലുകളും പൊട്ടലുകളും ശ്രദ്ധയിൽ പെടുത്തിയിട്ടും മാനദണ്ഡപ്രകാരം സൂക്ഷിക്കുന്നതിനും നാളിതുവരെ കരാറുകാരൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല . പ്രവൃത്തിയിൽ ഉൾപ്പെട്ട 6 വാർഡുകളിൽ (9,10,11,12,13,14) ജലലഭ്യത ഉറപ്പാക്കുന്നതിന് നിലവിൽ യാതൊരു വിധ സാങ്കേതിക തടസ്സങ്ങളുമില്ല. കരാറുകാരൻ പ്രവൃത്തിയിൽ വരുത്തുന്ന അലംഭാവം കൊണ്ട് മാത്രമാണ് ജല ജീവൻ മിഷൻ പ്രവൃത്തികൾ ടി വാർഡുകളിൽ പൂർത്തീകരിക്കാൻ കഴിയാത്തത്. പുനലൂർ മുനിസിപ്പാലിറ്റിയുടെ സമീപപ്രദേശങ്ങളിൽ (വാർഡ് 5,6,7,8) നിലവിലുള്ള പദ്ധതിയിൽ നിന്നും ജലവിതരണം സാധ്യമാക്കിയിട്ടുണ്ടെങ്കിലും വിതരണ ശൃംഖല പൂർണമായി സ്ഥാപിച്ചിട്ടില്ല. ആയതിനാൽ ടി പ്രദേശത്തും ജല ജീവൻ മിഷൻ പ്രവൃത്തിയുടെ ഗുണ ഫലങ്ങൾ നിലവിൽലഭ്യമല്ല. ശേഷിച്ച വാർഡുകളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് NH 744 ൽ പൈപ്പ് സ്ഥാപിക്കേണ്ടതായിട്ടുണ്ട് .ആയതിന്റെ അനുമതി ലഭ്യമായിട്ടില്ല.

പൈപ്പ് ലൈൻ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകാൻ കഴിയുന്ന 10 വാർഡുകളിലുമായി കരാർ പ്രകാരം 1083 കണക്ഷൻ മാത്രം നൽകിയിരിക്കുന്നത് ഗുരുതരമായ അലംഭാവമാണ് .

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ അങ്ങ് അടിയന്തിരമായി പരിശോധിച്ച് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മ സംബന്ധിച്ച് പ്രാദേശികമായി തന്നെ തർക്കങ്ങളുണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ഗുണനിലവാരം ഉറപ്പാക്കാൻ വിജിലൻസ് പരിശോധനകൾ ഉൾപ്പടെ ഏർപ്പെടുത്തി നൽകണമെന്ന് അപേക്ഷിക്കുന്നു .

വിശ്വസ്തതയോടെ

[signature]

അസിസ്റ്റന്റ് എൻജിനീയർ

പകർപ്പ് : എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, കൊല്ലം .